(ബി) ഇതിൽ എത്രപേർക്ക് പ്രസ്തുത പദ്ധതിയിലൂടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ :

(സി) നിലവിൽ എത്ര വീടുകളുടെ പണി പൂർത്തികരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ : നിർമ്മാണ പ്രവർത്തന പുരോഗതി വിശദികരിക്കുമോ ?

ഉത്തരം

(എ) പേരൂവൂർ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ 1957 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പേരാവൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മട്ടന്നൂർ നഗരസഭയിൽ 517 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി)

ഗ്രാമപ്പഞ്ചായത്തിന്റെ പേർ	ആനുകൂല്യം ലഭിച്ചവർ
ആറളം	128
അയ്യൻകുന്ന്	143
കണിച്ചാർ	108
കീഴൂർചാവശ്ശേരി	186
കേളകം	68
കൊട്ടിയൂർ	145
പായം	208
പേരാവൂർ	109
മുഴക്കുന്ന്	214
ആകെ	1309

(സി) ഗ്രാമപഞ്ചായത്തുകളിൽ 510 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. മട്ടന്നൂർ നഗരസഭയിൽ 413 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ 2010 നവംബർ 30 വരെ 280 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതും 14 വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ളവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

ഇ.എം.എസ്. ഭവനപദ്ധതി

154 (1912) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവന പദ്ധതി നടപ്പാക്കുന്നതിനായി ബാങ്കുകൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് എത്ര തുക സർക്കാർ വായ്പ എടുത്തിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വായ്പ തിരിച്ചടയ്ക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാടെന്താണ് ;

(സി) വായ്പാ തിരിച്ചടവ് സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നിലവിലുള്ള സ്ഥിതി വിവരങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്തുകൾക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് 1534.14 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. നഗരസഭകൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും 2,90,77,35,486 രൂപ വായ്പ എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ആകെ വിഹിതത്തിന്റെ 15%-ൽ കുറയാത്ത തുക കംട്രോളിംഗ് ഓഫീസർമാർ ഉറവിടത്തിൽ വച്ചുതന്നെ കുറവുചെയ്യുന്നരീതി അവലംബിച്ച് തിരിച്ചടയ്ക്കുന്നതാണ്. വായ്പയുടെ പലിശ സർക്കാർ വഹിക്കുന്നുതാണ്.

(സി) ഉണ്ട്.

(ഡി) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ അനുസരിച്ച് നടത്തിയ അർഹതാ പരിശോധനയുടെയും പുനഃപരിശോധനയുടെയും അടിസ്ഥാനത്തിൽ 5 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 2007 ഏപ്രിൽ മുതൽ 30-11-2010-വരെ 3.5 ലക്ഷം വീടുകൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

വടകര മണ്ഡലത്തിലെ ഇ.എം.എസ്. ഭവനപദ്ധതി

155 (1913) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവന പദ്ധതി പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പഞ്ചായത്തിലും അനുവദിച്ച വീടുകളുടെയും പൂർത്തീകരിച്ച വീടുകളുടെയും എണ്ണം പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) വടകര മണ്ഡലത്തിലെ പഞ്ചായത്തുകളിലൊന്നും ഇ.എം.എസ്. ഭവന പദ്ധതി പൂർത്തീകരിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly